## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 417 — 04.06.2018 — ൽ മറുപടിക്ക്

# താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.ജെ.ജോസഫ്<br>,, മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് താല്ക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് ആകെ 178 റേഷൻകടകൾ താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം | 19 |
| തൃശ്ശൂർ | 3 |
| മലപ്പുറം | 18 |
| കോഴിക്കോട് | 17 |
| വയനാട് | 1 |
| കണ്ണൂർ | 26 |
| കാസർഗോഡ് | 77 |
| **ആകെ** | 178 |

| | | | |
|---|---|---|---|
| (ബി) | റേഷൻകടകൾക്ക് താല്ക്കാലിക ലൈസൻസ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ റേഷൻകടകൾക്ക് സ്ഥിരം ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.<br>• ഇൻഡ്യൻ പൗരനായിരിക്കണം.<br>• 18 വയസ്സ് പൂർത്തിയായിരിക്കണം.<br>• നിർദ്ദിഷ്ട വാർഡിലെ സ്ഥിരതാമസക്കാരനായിരിക്കണം.<br>• മാതൃഭാഷ എഴുതാനും വായിക്കാനുമുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.<br>• 1955 ലെ അവശ്യസാധന നിയമപ്രകാരം ശിക്ഷിക്കപ്പെട്ടിട്ടില്ലാത്ത വ്യക്തിയായിരിക്കണം.<br>• സർക്കാരുമായി ഉടമ്പടി ഉണ്ടാക്കുന്നതിനോ ലൈസൻസ് എടുക്കുന്നതിനോ നിയമപരമായി ഒഴിവാക്കപ്പെട്ടയാളായിരിക്കരുത്.<br>• റേഷൻകട മുറി സ്വന്തമായോ വാടകയ്ക്കോ ലഭ്യമാക്കുകയും വകുപ്പ് നിശ്ചയിക്കുന്ന ഗ്യാരന്റി, സെക്യൂരിറ്റി, സോൾവൻസി തുകകൾ അടവാക്കുന്നതിന് പ്രാപ്തിയുള്ള ആളായിരിക്കണം.<br>• ഏതെങ്കിലും സ്ഥാപനത്തിൽ മുഴുവൻ സമയ ജോലിയുള്ള ആളാകാൻ പാടില്ല.<br><br>എന്നാൽ താൽക്കാലിക ലൈസൻസിന് ഇന്ത്യൻ പൗരനായിരിക്കണമെന്ന മാനദണ്ഡമൊഴികെ മറ്റ് നിബന്ധനകൾ പാലിക്കണമെന്ന് നിർബന്ധമില്ല. |
| (സി) | ഇപ്രകാരം താല്ക്കാലിക ലൈസൻസ് ലഭിച്ചിട്ടുള്ള ലൈസൻസികളെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | പരിഗണനയിലില്ല. |

*സെക്ഷൻ ഓഫീസർ*